ATCHED 08/06/2020



17.3.20.


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP.2272(2)/2015/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം**

**(ഫയൽ നം.15539/എസ്.ഐ.സി–ജി 6/15**

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ

ശ്രീ.എസ്.പരമശിവം
ടി.സി.41/269, മണക്കാട് പി.ഒ
തിരുവനന്തപുരം 9
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
ഫോർട്ട് സോണൽ ഓഫീസ്
തിരുവനന്തപുരം കോർപ്പറേഷൻ

2. അപ്പീൽ അധികാരി ആന്റ് ഡെപ്യൂട്ടി സെക്രട്ടറി
ഫോർട്ട് സോണൽ ഓഫീസ്
തിരുവനന്തപുരം കോർപ്പറേഷൻ

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09.07.2015 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 06.08.2015 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.08.2015 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 15.09.2015 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 29.09.2015 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30.09.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 12.10.2015,02.11.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31.10.2015,08.11.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 15.11.2019, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 09.07.2015 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ടി.സി. 22/30(3)തിട്ട ക്കുടി ദുർഗ്ഗാദേവി ക്ഷേത്രം ലെയിൻ പുത്തൻകോട്ട മണക്കാട് പി.ഒ, തിരുവനന്തപുരം എന്ന കെട്ടിടം വാങ്ങിയിട്ടുള്ള ഹർജിക്കാരന് ടി കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി കിട്ടുവാൻ നിലവിലുള്ള രേഖകളിലെ ഉടമസ്ഥനിൽ നിന്നും ടി വിഷയവുമായി ബന്ധ പ്പെട്ട വിവരങ്ങളായ കോർപ്പറേഷൻ ഓഫീസിലുള്ള ടി കെട്ടിടത്തിന്റെ പ്ലാനിന്റെയും ഡ്രോയിംഗിന്റെയും എല്ലാ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും നൽകണമെന്നും, ടി ഉടമ സ്ഥാവകാശം മാറ്റിക്കിട്ടുവാനായി വെള്ളപേപ്പറിലുള്ള അപേക്ഷ മതിയാകുമോയെന്നും തുടങ്ങി 12 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 06.08.2015 തീയതി മറുപടി നൽകിയതിൽ തൃപ്തനല്ലെന്ന് കാണിച്ച് 15.08.2015 ന് അപ്പീൽ നൽകുകയും 15.09.2015 ന് മറുപടി നൽകി യിട്ടുണ്ടെന്ന് പറഞ്ഞ് അപ്പീൽ അധികാരി അപ്പീൽ തീർപ്പാക്കുകയും ചെയ്തു.30.10.2015 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകൾ കമ്മീ ഷൻ ഓഫീസിലേയ്ക്ക് അയയ്ക്കുന്നതോടൊപ്പം ഹർജിക്കാരന് നൽകിയിട്ടുണ്ടെന്ന് ബോധിപ്പിച്ചു.

4. 08.11.2019 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവര ങ്ങൾ ഇനം തിരിച്ച് മറുപടി നൽകുകയും ആയത് ഹർജിക്കാരന് സമയബന്ധിതമായി നൽകിയിട്ടുണ്ടെന്ന് ബോധിപ്പിക്കുകയും ചെയ്തു. ഹർജിക്കാരൻ നൽകിയ കത്തുകളുടെ പകർപ്പുകളും ഹാജരാക്കുകയും ചെയ്തു.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖ കളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവര

ങ്ങൾക്ക് ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ നൽകിയതായും ഫീസ് ഒടുക്കി കൈപ്പറ്റേണ്ട രേഖകൾ അങ്ങനെ ലഭിക്കുന്നതാണെന്ന് ഹർജിക്കാരനെ മറുപടിയിലൂടെ അറിയിച്ചിട്ടുള്ളതുമായി കണ്ടതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികളാവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

res

RIGHT TO INFORMATION